THURSDAY 03/10/2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/10/2024

1. സർക്കാർ പ്രവത്തനങ്ങളിൽ പൊതുജന പങ്കാളിത്തവും സുതാര്യതയും ഉറപ്പാക്കിക്കൊണ്ട് പ്രവത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിവിധ സർക്കാർ യോഗങ്ങൾ പൊതുജനങ്ങൾക്ക് ലൈവ് ആയി കാണുന്നതിലേക്ക് ഓണലൈൻ പ്രക്ഷേപണം ചെയ്യുന്നതിന് ലക്ഷ്യമിട്ടു കൊണ്ടുള്ള 'VELICHAM' Virtual Engagement for Leveraging Interactive Community Honed Agriculture Management പദ്ധതിയുടെ ഔദ്യോഗികമായ ഉത്ഘാടനം ഇന്ന് (03.10.2024) വൈകുന്നേരം 7.00 മണിയ്ക്ക് SAMETI-യിൽ വച്ച് കൃഷി വകുപ്പ് മന്ത്രി നിർവഹിക്കുന്നു.

2. ആഗോള തലത്തിൽ കാപ്പിയുടെ ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി അന്താരാഷ്ട്ര കോഫി ഓർഗനൈസേഷന്റെ നേതൃത്വത്തിൽ 2015 മുതൽ എല്ലാ വർഷവും ഒക്ടോബർ 1 അന്താരാഷ്ട്ര കാപ്പി ദിനമായി ആചരിച്ചു വരികയാണ്. കോഫി ബോർഡിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ ഈ വർഷത്തെ അന്താരാഷ്ട്ര കാപ്പി ദിനാഘോഷം ആഘോഷിക്കുന്നതിന്റെ ഭാഗമായി 2024 ഒക്ടോബർ 3ന് രാവിലെ 10.30 നു സുൽത്താൻ ബത്തേരി നഗരസഭാ ടൗൺ ഹാളിൽ നടത്തപ്പെടുന്ന പരിപാടിയിൽ വയനാട് ജില്ലാ കളക്ടർ. ഡി. ആർ. മേഘശ്രീ IAS പങ്കെടുക്കുന്നതാണ്.

3. വെള്ളായണി കാർഷിക കോളേജിൽ നിന്നും BV-380 മുട്ട കോഴി കുഞ്ഞുങ്ങൾ ഒന്നിന് 160 രൂപാ നിരക്കിൽ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെയുള്ള സമയത്ത് നേരിട്ട് വന്ന് പിടകോഴി കുഞ്ഞുങ്ങളെ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9037166397 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

4. കേരള കാർഷിക സർവകലാശാല, വെള്ളായണി കാർഷിക കോളേജ് ട്രെയിനിങ് സർവീസ് ന്റെ ആഭിമുഖ്യത്തിൽ നഴ്സറി പരിപാലനവും സൂക്ഷ്മ ജലസേചനവും എന്ന വിഷയത്തിൽ ഒക്ടോബർ മാസം 5ന് രാവിലെ 10 മണി മുതൽ 4 മണിവരെ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. രജിസ്റ്റർ ചെയ്യുവാനുള്ള ഫോൺ നമ്പർ 8891540778

5. ഫിഷറീസ് വകുപ്പ് കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന പദ്ധതിയുടെ ഘടക പദ്ധതിയായ സഞ്ചരിക്കുന്ന മത്സ്യരോഗനിർണ്ണയവും ഗുണമേന്മ പരിശോധനയും ലാബ്/ക്ലിനിക് അപേക്ഷ ക്ഷണിച്ചു. 35 ലക്ഷം രൂപയുടെ പദ്ധതിയിൽ 40% സബ്സിഡി ലഭിക്കും. ഫിഷറീസ് സയൻസ്/ ലൈഫ് സയൻസ്/മറൈൻ ബയോളജി/ മൈക്രോബയോളജി/ സുവോളജി/ ബയോകെമിസ്ട്രി എന്നിവയിൽ ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0495-2381430.

6. കേരളസർക്കാർ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പുതുതായി പരിശീലനം പൂർത്തിയാക്കിയ 440 എ ഹെൽപ്പർമാർ പ്രവർത്തനത്തിന് സജ്ജമായി. കുടുംബശ്രീ അംഗങ്ങളായ പശുസഖിമാരെയാണ് പതിനേഴു ദിവസം കൊണ്ട് പരിശീലനം പൂർത്തിയാക്കി അക്രഡിറ്റ് ചെയ്ത് എ-ഹെൽപ്പായി മാറ്റുന്നത്. മൃഗസംരക്ഷണമേഖലയിലെ വിവിധ പ്രവർത്തനങ്ങൾ കർഷകരുടെ അടുക്കൽ എത്തിയ്ക്കുകയും, കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള സഹായങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് എ ഹെൽപ്പിൽ നിന്നും പ്രതീക്ഷിയ്ക്കുന്ന സേവനങ്ങൾ. മൃഗാരോഗ്യസംരക്ഷണത്തിനും, ഉൽപ്പാദന വർദ്ധനവിനും ഉതകുന്ന വിജ്ഞാന വ്യാപന പ്രവർത്തനങ്ങളാണ് എ ഹെൽപ്പ് കൊണ്ട് വിഭാവനം ചെയ്യുന്നത്. സേവനങ്ങൾ നൽകുന്നതിനനുസരിച്ച് എ ഹെൽപ്പിന് ചെറിയ തോതിലുള്ള

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫീസും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടത്തുന്ന പരിശീലന പരിപാടി നടത്തുന്നത് മൃഗസംരക്ഷണ വകുപ്പിന്റെ പരിശീലനകേന്ദ്രങ്ങളാണ്. കുടപ്പനക്കുന്ന്, തിരുവല്ല, തലയോലപ്പറമ്പ്, വാഗമൺ, ആലുവ, മലമ്പുഴ, മുണ്ടയാട്, സുൽത്താൻബത്തേരി എന്നീ സ്ഥലങ്ങളിലെ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ ആണ് പരിശീലനം നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് ഡോ. സുനിൽ കുമാർ പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ, ലൈവ്സ്റ്റോക്ക് മാനേജമെന്റ് ട്രെയിനിങ് സെന്റർ, കുടപ്പനക്കുന്ന് ഫോൺനമ്പർ 949-590-2020

**പരിശീലന പരിപാടി**

7. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "IOT Concepts in Agriculture" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ ഹ്രസ്വ കോഴ്സിലെ പുതിയ ബാച്ച് 2024 ഒക്ടോബർ 14 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കോഴ്സ് കൈകാര്യം ചെയ്യുന്നു. താൽപ്പര്യമുള്ളവർ ഒക്ടോബർ 13 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താ-വുന്നതാണ്. ഇതിനായി കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Defaulteng.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് ഒക്ടോബർ 14 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ.ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

8. ക്ഷീരവികസന വകുപ്പിൻ്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ 09, 10 തീയതികളിൽ 2 ദിവസത്തെ 'തീറ്റപ്പുൽകൃഷി പരിശീലന' പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2024 ഒക്ടോബർ 7-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 – 2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം